# MALAYALAM DISTRICT COUNCIL
## OF THE SOUTH INDIA ASSEMBLIES OF GOD
# CHRIST'S AMBASSADORS

# CIRCULAR
## 2025-2026
## 2025–2026 ലെ സി. എ. സർക്കുലർ


CHRIST'S AMBASSADORS (CA)
ASSEMBLIES OF GOD HEAD OFFICE
POST BOX NO 53, PUNALUR
KOLLAM 691 305, KERALA
Mob. +91 9074879522
Web : https://ca.agmdc.in | email : agmdcca@gmail.com


*Christ for all & All for Christ*

# MALAYALAM DISTRICT COUNCIL
## OF THE SOUTH INDIA ASSEMBLIES OF GOD
# CHRIST'S AMBASSADORS

## DISTRICT CA COMMITTEE 2024-'26



**CHAIRMAN**
**Rev. T. J. Samuel**
AGMDC SUPERINTENDENT



**Pr. Shince P. T.**
**PRESIDENT**
9847860651



**Pr. Ajeesh C. S.**
**VICE PRESIDENT**
8921068956



**Br. Binish B. P.**
**SECRETARY**
8075565623 9495378303



**Pr. Siju Mathew**
**JOINT SECRETARY**
9633592622



**Pr. Praveen B.**
**TREASURER**
9645083108



**Br. Joyal Mathew**
**CHARITY CONVENER**
9747761095



**Pr. Paveen George**
**EVANGELISM CONVENER**
6282330186

# CA PRESIDENT's Message

പ്രിയ സഹോദരങ്ങളേ,

ഈ വർഷവും ക്രൈസ്റ്റ്സ് അംബാസഡേഴ്സ് വിശദമായ ഒരു സർക്കുലർ പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. സി. എ. യുടെ പ്രവർത്തനം കേരളക്കരയിൽ ആരംഭിച്ചിട്ട് ഏഴ് പതിറ്റാണ്ടുകൾ പിന്നിടുന്നു. യുവാക്കളായ നാം സഭയുടെ പ്രധാനപ്പെട്ട ഭാഗമാണ്. സുവിശേഷ പ്രവർത്തനങ്ങൾക്കും സാമുഹ്യസേവനത്തിനും നമ്മൾ ഇനിയും സജ്ജരാകണം. കുന്നംകുളം മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാ സെക്ഷനുകളിലും കൂട്ടായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. 56 സെക്ഷനുകളിലും ഒരേ സമയം ഒരേ പ്രോഗ്രാമുകൾ ചെയ്യാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്.

ക്രൈസ്റ്റ്സ് അംബാസഡേഴ്സ് എന്ന വലിയ കുടക്കീഴിലേക്ക് എല്ലാ യുവജനങ്ങളെയും ചേർത്തുനിർത്തുക എന്നതാണ് ഞങ്ങളുടെ പ്രധാന ലക്ഷ്യം. ജീവിതത്തിലെ ഈ കാലഘട്ടം വളരെ പ്രധാനപ്പെട്ടതാണ്. സമയോചിതമായ ഇടപെടലുകളാൽ ചെയ്തുതീർക്കേണ്ട ഒട്ടനവധി കാര്യങ്ങൾ നമ്മുടെ മുൻപിൽ ഉണ്ട് താനും. ഒരു ക്രിസ്തു സേവകന് കൃത്യമായ, ക്രമീകൃതമായ പ്രവർത്തന മേഖലയുമുണ്ട്. അത് കലാലയമാകാം, ജോലിയിടമാകാം.... അപ്പോൾ നമ്മുടെ കഴിവുകൾ മാറ്റുരയ്ക്കപ്പെടണം. ജയപരാജയങ്ങളെ വിലയിരുത്താൻ വേണ്ടിയല്ല മറിച്ച് എന്നിൽ എന്തുണ്ട് എന്നുള്ള ബോധ്യത്തിനു വേണ്ടിയാണ്. കൂട്ടായ ഒത്തുകൂടൽ അനിവാര്യമാണ്. അവിടെ ചർച്ചകളും കൃത്യമായ പാഠങ്ങളും ജീവിതത്തിൽ ജയിച്ചു കയറിയവരുടെ അനുഭവങ്ങളും ആവശ്യമാണ്. ദൈവവചനവിരുദ്ധമായ ഉപദേശങ്ങളെ ചെറുത്ത്, ജീവിത രീതിയിലും, സ്വഭാവ സവിശേഷതയിലും, നിലപാടിലും, ക്രിസ്തുവിന്റെ സ്ഥാനാപതികളായി നമുക്ക് ഉറച്ച് നിൽക്കാം.



നമ്മുടെ വാർഷിക ക്യാമ്പ് സെപ്തംബർ 2, 3, 4, 5 തീയതികളിൽ കുട്ടിക്കാനത്ത് നടക്കുകയാണ്. പ്രത്യേകം പ്രാർത്ഥിക്കുകയും നിങ്ങളെ എല്ലാവരേയും ഈ ചതുർദിന ക്യാമ്പി ലേക്ക് പ്രത്യേകം ക്ഷണിക്കുകയും ചെയ്യുന്നു.

സി. എ. യുടെ വെബ്സൈറ്റ് വഴി സി. എ. സംബന്ധമായ എല്ലാ വിവരങ്ങളും ലഭിക്കുന്നതാണ്. താലന്ത് പരിശോധനയ്ക്ക് ആവശ്യമായ ഫോമുകളും മറ്റും ഇതിൽ ലഭ്യമാകുന്നതാണ്. ഈ സർക്കുലർ പ്രകാരമായിരിക്കണം സഭ, സെക്ഷൻ, മേഖല, ഡിസ്ട്രിക്ട് തല താലന്തു പരിശോധനകൾ (തെളിമ –2025) നടത്തേണ്ടത്.

നിങ്ങളുടെ എല്ലാവരുടെയും സഹകരണവും പിന്തുണയും ആവശ്യമാണ്. നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

സ്നേഹത്തോടെ,

**Pr. SHINCE P. T.**
PRESIDENT, CHRIST'S AMBASSADORS, AGMDC

# 2025–2026 ലെ സി. എ. സർക്കുലർ

## തെളിമ 2025 (താലന്തു പരിശോധന)

ഡിസ്ട്രിക്ട് താലന്തു പരിശോധന 2025 നവംബർ 22 ശനി രാവിലെ 9 മണി മുതൽ പുനലൂർ, ബെഥേൽ ബൈബിൾ കോളേജിന്റെ ആഡിറ്റോറിയത്തിലും

മേഖല താലന്തു പരിശോധന 2025 ഒക്ടോബർ 25 ശനിയാഴ്ച രാവിലെ 9 മണി മുതൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിലും നടക്കുന്നതാണ്

| | |
|---|---|
| ഉത്തരമേഖല | പെനിയേൽ ബൈബിൾ സെമിനാരി, കീഴില്ലം, പെരുമ്പാവൂർ |
| മദ്ധ്യമേഖല | ബെഥേൽ ബൈബിൾ കോളേജ്, പുനലൂർ |
| ദക്ഷിണമേഖല | എ. ജി. ചർച്ച്, കൊണ്ണിയൂർ |

### തെളിമ 2025 – പൊതു നിയമങ്ങൾ

- പ്രാദേശിക സഭകളിലുള്ള സി. എ. യിൽ അംഗങ്ങളായ 14 മുതൽ 40 വയസ്സു വരെ പ്രായമുള്ളവർക്കാണ് (01.01.1985 മുതൽ 31.12.2011 വരെ ജനിച്ചവർ) താലന്തു മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത ഉള്ളത്. 2025 ജനുവരി 1-നു പൂർത്തിയായ വയസ്സ് പ്രകാരമാണ് പ്രായം കണക്കാക്കേണ്ടത്.
- വ്യക്തിഗത മത്സരങ്ങൾ മൂന്നു വിഭാഗങ്ങളിലായി നടത്തപ്പെടുന്നതാണ്

| | |
|---|---|
| സബ് ജൂനിയർ | 14 മുതൽ 20 വയസ്സു വരെ (01.01.2005 മുതൽ 31.12.2011 വരെ ജനിച്ചവർ) |
| ജൂനിയർ | 21 മുതൽ 30 വയസ്സു വരെ (01.01.1995 മുതൽ 31.12.2004 വരെ ജനിച്ചവർ) |
| സീനിയർ | 31 മുതൽ 40 വയസ്സ് വരെ (01.01.1985 മുതൽ 31.12.1994 വരെ ജനിച്ചവർ) |

- **വ്യക്തിഗത ഇനങ്ങളിൽ** – സഭാ തലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് സെക്ഷൻ തലത്തിലും,

സെക്ഷനിൽ **ഒന്നും രണ്ടും സ്ഥാനം** നേടുന്നവർക്ക് മേഖലാതലത്തിലും, മേഖലയിൽ **ഒന്നും രണ്ടും മൂന്നും സ്ഥാനം** നേടുന്നവർക്ക് ഡിസ്ട്രിക്ട് തലത്തിലും മത്സരിക്കാവുന്നതാണ്.

- **സംഘഇനങ്ങളിൽ** – ഓരോ സംഘഇനങ്ങളിലും സഭാതലത്തിൽ നിന്നും **ഒരു സംഘം** മാത്രമേ സെക്ഷൻ തലത്തിൽ പങ്കെടുക്കാവു. സെക്ഷൻ തലത്തിൽ **ഒന്നാം സ്ഥാനം** നേടുന്നവർക്ക് മേഖലയിലും മേഖലാ തലത്തിൽ **ഒന്നും രണ്ടും മൂന്നും സ്ഥാനം** നേടുന്നവർക്ക് ഡിസ്ട്രിക്ട് തലത്തിലും മത്സരിക്കാവുന്നതാണ്.
- സഭ, സെക്ഷൻ, മേഖല, ഡിസ്ട്രിക്ട് തലങ്ങളിൽ **ഓരോ സ്ഥാനങ്ങളിലും** ഒരു തലത്തിൽ നിന്നും അടുത്ത തലത്തിലേക്ക് വ്യക്തിഗത ഇനങ്ങളിൽ ഒരാൾ വീതവും സംഘ ഇനങ്ങളിൽ ഒരു സംഘവും മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. (ഒന്നിലധികം ഫസ്റ്റോ, സെക്കന്റോ, തേർഡോ ഉണ്ടാകാൻ പാടില്ല)
- വ്യക്തിഗതയിനങ്ങളിലും ഗ്രൂപ്പിനങ്ങളിലും പങ്കെടുക്കുന്ന എല്ലാ മത്സരാർത്ഥികളും പ്രാദേശിക സഭയിലെ സി. എ. അംഗങ്ങളായിരിക്കണം.
- ഒരു പ്രാദേശിക സി. എ. അംഗം ഒരു വർഷം നടക്കുന്ന താലന്തു മത്സരങ്ങളിൽ ഏതെങ്കിലും ഒരു സഭയെ മാത്രമേ പ്രതിനിധീകരിക്കാൻ പാടുള്ളൂ. അല്ലാത്ത പക്ഷം അവരെ അയോഗ്യരാക്കുന്നതാണ്.
- മത്സരങ്ങളിൽ ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും. മേഖല, ഡിസ്ട്രിക്ട് തലങ്ങളിലുള്ള താലന്തു മത്സരങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതിയോ തർക്കമോ ഉണ്ടായാൽ ഡിസ്ട്രിക്ട് സി. എ. കമ്മിറ്റി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.
- സഭ, സെക്ഷൻ, മേഖല, ഡിസ്ട്രിക്ട് എന്നീ തലങ്ങളിലെ താലന്തുപരിശോധനകൾ ഈ സർക്കുലർ പ്രകാരമാണ് നടത്തേണ്ടത്.
- സഭാശുശ്രൂഷകരായ സി. എ. അംഗങ്ങൾ തെളിമ-2025-ൽ മത്സരാർത്ഥികളായി പങ്കെടുക്കാൻ പാടില്ല
- സെക്ഷൻ തല വിജയികളുടെ ലിസ്റ്റ് **2025 ഒക്ടോബർ 15-നു മുമ്പ്** ഡിസ്ട്രിക്ട് സി. എ. കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതാണ്. അതിനു ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.
- ഡിസ്ട്രിക്ട് തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവരെ ഡിസ്ട്രിക്ട് സി. എ. വാർഷിക സമ്മേളനത്തിൽ വച്ച് അനുമോദിക്കുന്നതാണ്.
- വ്യക്തിഗത ഇനങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ വിജയികളാകുന്നവർക്ക് യഥാക്രമം 5, 3, 1 പോയിന്റു വീതവും, ഗ്രൂപ്പിനങ്ങൾക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന സഭയ്ക്ക്/ടീമിന് യഥാക്രമം 7, 5, 3 പോയിന്റു വീതവും ലഭിക്കുന്നതാണ്. ഗ്രൂപ്പിനങ്ങളിൽ വിജയിച്ച ടീമംഗങ്ങൾക്ക് പ്രത്യേകം പോയിന്റില്ല. ഈ പോയിന്റ് ക്രമം സഭാതലം മുതൽ സെക്ഷൻ, മേഖല, ഡിസ്ട്രിക്ട് തലങ്ങളിലും ബാധകമായിരിക്കും.
- തെളിമ 2025 നടത്തുന്നതിനുള്ള ഫോമുകൾ, സ്കോർ ഷീറ്റ്, ടാബുലേഷൻ ഷീറ്റ്, ജഡ്ജസിനുള്ള മാർക്ക് ഷീറ്റ് തുടങ്ങിയവ സി. എ. യുടെ https://ca.agmdc.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. സെക്ഷൻ മത്സരവിജയികളുടെ പേരുവിവരം ഡിസ്ട്രിക്ട് സി. എ. കമ്മിറ്റിക്ക് നൽകുന്നത് ഈ നിർദ്ദിഷ്ട ഫോമിൽ തന്നെ ആയിരിക്കണം. സി. എ. യുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അപ്ഡേറ്റുകൾ സി. എ. യുടെ ഈ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

## തെളിമ 2025 വ്യക്തിഗതയിനങ്ങൾക്കുള്ള നിബന്ധനകൾ

### ലളിതഗാനം (മലയാളം)

- ആൺ/പെൺ വിഭാഗങ്ങൾക്ക് പ്രത്യേകം
- പരമാവധി സമയം 3 മിനിട്ട്
- ശാസ്ത്രീയ സംഗീതം അനുവദനീയമല്ല

### ഇംഗ്ലീഷ് ഗാനം

- ആൺ/പെൺ വിഭാഗങ്ങൾക്ക് പ്രത്യേകം
- പരമാവധി സമയം 3 മിനിട്ട്

- ലളിതഗാനത്തിനും ഇംഗ്ലീഷ് ഗാനത്തിനും പാട്ട് നോക്കി പാടാൻ പാടില്ല. അങ്ങനെ ചെയ്യുന്ന പക്ഷം ആ മത്സരാർത്ഥിക്ക് ആകെ ലഭിക്കുന്ന മാർക്കിൽ നിന്ന് 1 മാർക്ക് കുറയ്ക്കുന്നതാണ്.

### പ്രസംഗ മത്സരം

- ഇംഗ്ലീഷിലോ മലയാളത്തിലോ പ്രസംഗിക്കാവുന്നതാണ്
- പരമാവധി സമയം 5 മിനിട്ട്. പ്രസംഗം തുടങ്ങി 4.30 മിനിട്ട് ആകുമ്പോൾ വാർണിംഗ് ബെൽ നൽകുന്നതും 5 മിനിട്ടിൽ ഫൈനൽ ബെൽ നൽകുന്നതുമാണ്. അതിനു ശേഷം പ്രസംഗിക്കുന്നവരെ അയോഗ്യരാക്കുന്നതാണ്.
- പ്രസംഗത്തിനു മൈക്ക് അനുവദിക്കുന്നതല്ല
- ഓരോ ഗ്രേഡുകാർക്കും 7 വിഷയങ്ങൾ വീതം സർക്കുലറിൽ നൽകിയിട്ടുണ്ട്. അതിൽ നിന്നും പ്രസംഗ മത്സരം ആരംഭിക്കുന്നതിന് മുൻപ് നറുക്കിട്ടെടുക്കുന്ന വിഷയം ആണ് മത്സരാർഥികൾ പ്രസംഗിക്കേണ്ടത്.
- 5 മിനിട്ട് മുമ്പ് ആയിരിക്കും ഓരോരുത്തർക്കും വിഷയം നൽകുന്നത്.
- സബ്-ജൂനിയർ, ജൂനിയർ, സീനിയർ എല്ലാ വിഭാഗക്കാർക്കും ഈ നിയമം ബാധകമായിരിക്കും
- പ്രസംഗം തയ്യാറാക്കാൻ സഹായ ഗ്രന്ഥങ്ങൾ അനുവദനീയമല്ല. നേരത്തെ തയ്യാറാക്കികൊണ്ടുവരുന്ന പ്രസംഗ ക്കുറിപ്പുകൾ ഉപയോഗിക്കാൻ പാടുള്ളതല്ല. സംഘാടകർ നൽകുന്ന ബൈബിൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
- മുഖവുര, ബൈബിൾ ഉദ്ധരണികൾ, ഉപസംഹാരം എന്നിവ പ്രത്യേകം വിലയിരുത്തപ്പെടും.

- **വിഷയങ്ങൾ**

**സബ്-ജൂനിയർ** 1. ദൈവത്തെ അനുകരിപ്പിൻ (Imitators of God) 2. ആത്മാവിന്റെ ഫലങ്ങൾ (Fruits of the Spirit) 3. സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ (Making the best use of time) 4. കർത്താവിന്റെ വരവ് (The coming of the Lord) 5. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക (Love your neighbor as yours) 6. ക്രിസ്തുവിനെ ധരിക്കുക (Clothed yourself with Christ) 7. നാം ക്രിസ്തുവിന്റെ സ്ഥാനപതികൾ (We are ambassadors of Christ)

**ജൂനിയർ** 1. സ്വർഗീയ വിളി (The Heavenly Calling) 2. വെളിച്ചത്തിന്റെ ആയുധവർഗ്ഗം (The Armor of Light) 3. എഴുന്നേറ്റു പ്രകാശിക്ക (Arise and Shine) 4. ദൈവത്തിന്റെ നീതി (The Righteousness of God) 5. കുഞ്ഞാടിന്റെ കല്യാണം (The Marriage of the Lamb) 6. യഹോവയുടെ നാൾ (The Day of the Lord) 7. ശ്രേഷ്ഠ മഹാപുരോഹിതൻ (The Great High Priest)

**സീനിയർ** 1. ദൈവത്തിൽ ആശ്രയിക്കുക (Trust in God) 2. നമ്മുടെ മാതൃകാപുരുഷൻ ക്രിസ്തു (Our Exemplar Christ) 3. ആരാണ് ദൈവത്തിന്റെ മക്കൾ (Who are the children of God) 4. നമ്മുടെ കൈവശമുള്ളതിനെക്കൊണ്ട് ദൈവത്തിനായി പ്രയോജനപ്പെടുക (Use what we have for God) 5. ദൈവസന്നിധിയിൽ കരയുക (Cry out to God) 6. ക്രിസ്തീയ ധാർമികത (Christian morality) 7. ക്രിസ്തീയ പക്വത (Christian maturity)

## വാക്യമെഴുത്ത് (മലയാളം) | വാക്യമെഴുത്ത് (ഇംഗ്ലീഷ്)

- പരമാവധി സമയം 20 മിനിട്ട്. ഈ സമയത്തിനുള്ളിൽ പഠനത്തിനായി നൽകിയിരിക്കുന്ന പുസ്തകങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ വാക്യങ്ങൾ എഴുതുന്നവരാണ് വിജയികളാകുന്നത്.
- **ഇംഗ്ലീഷ് വാക്യമത്സരവും മലയാള വാക്യമത്സരവും പ്രത്യേക ഇനമായിട്ടായിരിക്കും നടക്കുന്നത്.**
- ഇംഗ്ലീഷിൽ എഴുതുന്നവർ NIV പരിഭാഷയും മലയാളത്തിൽ എഴുതുന്നവർ ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ (BSI) പരിഭാഷയും ഉപയോഗിക്കേണ്ടതാണ്.
- ഒരു മത്സരാർത്ഥി ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള വാക്യമത്സരങ്ങളിൽ ഏതെങ്കിലും ഒന്നിൽ മാത്രമേ പങ്കെടുക്കാവൂ.
- പഠിക്കേണ്ട പുസ്തകങ്ങൾ : **1 ശമുവേൽ, വെളിപ്പാട്, യിരമ്യാവ്**
- പേരുകൾ മാത്രമുള്ളത് വാക്യമായി പരിഗണിക്കില്ല ഉദാ: 1 ദിനവൃത്താന്തം 1:2 – കേനാൻ, മഹലേൽ, യാരേദ്,
- ഒരേ പോലുള്ള വാക്യങ്ങൾ ആവർത്തിച്ചെഴുതാൻ പാടില്ല. ഉദാ: യെഹസ്കേൽ 6:1 യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ, യെഹസ്കേൽ 7:1 യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ – ആവർത്തിച്ചെഴുതിയാലും ഒരെണ്ണത്തിനു മാത്രമേ മാർക്ക് നൽകുകയുള്ളു.
- സെമി കോളൻ, ഫുൾസ്റ്റോപ്പ് ഇവ കൃത്യമായി ഇട്ടിരിക്കണം. അപൂർണ്ണമായ വാക്യങ്ങളും റഫറൻസുകളും മൂല്യ നിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.
- എഴുതുന്ന ഓരോ വാക്യത്തിനും കൃത്യമായ ക്രമനമ്പരും റഫറൻസും ഉണ്ടായിരിക്കണം. റഫറൻസ് ചുവടെ ചേർത്തിരിക്കുന്നതു പോലെ പൂർണ്ണമായി തന്നെ എഴുതണം ഉദാ: മലയാളത്തിൽ **1. 1 ശമുവേൽ 3:8, 2. വെളിപ്പാട് 2:6, 3. യിരമ്യാവ് 5:8** ഇംഗ്ലീഷിൽ **1. 1 Samuel 3:8, 2. Revelations 2:6, 3. Jeremiah 5:12**
- മൂല്യനിർണ്ണയം ചെയ്യുന്ന വ്യക്തിക്ക് വായിക്കാൻ കഴിയുന്ന വിധത്തിലായിരിക്കണം വാക്യങ്ങൾ എഴുതേണ്ടത്.

## ഉപന്യാസ രചന

- പരമാവധി സമയം 20 മിനിട്ട്
- തത്സമയം നൽകുന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസ രചന നടത്തേണ്ടതാണ്.
- ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാം.
- മുഖവുര, വിഷയാവതരണം, സാന്ദർഭികമായ ഉദ്ധരണികൾ, ആശയാവിഷ്കരണം, ഉപസംഹാരം എന്നിവ മൂല്യ നിർണ്ണയത്തിന് പരിഗണിക്കുന്നതാണ്.

## കവിതാ രചന

- പരമാവധി സമയം 20 മിനിട്ട്
- തത്സമയം നൽകുന്ന വിഷയത്തെ ആസ്പദമാക്കി കവിതാ രചന നടത്തേണ്ടതാണ്.
- കവിതാരചന മലയാളത്തിലായിരിക്കണം.

## പെൻസിൽ ഡ്രോയിംഗ്

- പരമാവധി സമയം 30 മിനിട്ട്
- തത്സമയം നൽകുന്ന വിഷയം കേന്ദ്രമാക്കി പെൻസിൽ മാത്രം ഉപയോഗിച്ച് ചിത്രം വരയ്ക്കേണ്ടതാണ്.
- ഡ്രോയിംഗിനുള്ള പെൻസിൽ, റബ്ബർ എന്നിവ മത്സരാർത്ഥികൾ തന്നെ കൊണ്ടു വരേണ്ടതാണ്.

## തെളിമ 2025 - സംഘ ഇനങ്ങൾക്കുള്ള നിബന്ധനകൾ

(പൊതുവായ ഇനങ്ങൾ - സബ് ജൂനിയർ, ജൂനിയർ, സീനിയർ വ്യത്യാസമില്ലാതെ)

### സമൂഹഗാനം (ഉപകരണങ്ങൾ ഇല്ലാതെ) *(Group song without instruments)*

- പരമാവധി സമയം 5 മിനിട്ട്. പാട്ട് പാടിത്തുടങ്ങുമ്പോൾ സമയം കണക്കാക്കി തുടങ്ങുന്നതാണ്. 5 മിനിട്ട് കഴിഞ്ഞാൽ ആ ടീമിനെ അയോഗ്യരാക്കുന്നതാണ്.
- മലയാളഗാനം മാത്രമേ അനുവദിക്കുകയുള്ളൂ. പാട്ടുകൾ നോക്കി പാടാൻ പാടുള്ളതല്ല.
- 3 പേരിൽ കുറയാത്തതും 8 പേരിൽ കവിയാത്തതുമായ ഒരു സംഘം ആയിരിക്കണം.

### ഉപകരണങ്ങളോടു കൂടെയുള്ള സമൂഹഗാനം *(Group song with instruments)*

- സെറ്റിംഗ്സ് ഉൾപ്പെടെ പരമാവധി സമയം 9 മിനിട്ട്. പേര്/ചെസ്റ്റ് നമ്പർ വിളിക്കുമ്പോൾ ടീമിൽ നിന്നുള്ള ആദ്യത്തെ ആൾ സ്റ്റേജിലേക്ക് കയറുമ്പോൾ സമയം കണക്കാക്കി തുടങ്ങുന്നതാണ്. 9 മിനിട്ട് കഴിഞ്ഞാൽ ആ ടീമിനെ അയോഗ്യരാക്കുന്നതാണ്.
- മലയാള ഗാനം മാത്രമേ അനുവദിക്കുകയുള്ളൂ.
- 5 പേരിൽ കുറയാത്തതും 10 പേരിൽ കവിയാത്തതുമായ ഒരു സംഘം ആയിരിക്കണം.
- വ്യത്യസ്തമായുള്ള 3 സംഗീത ഉപകരണങ്ങൾ എങ്കിലും ഉണ്ടായിരിക്കണം.
- സംഗീത ഉപകരണങ്ങൾ മാനുവൽ ആയി തന്നെ വായിക്കേണ്ടതാണ്. ശ്രുതിപ്പെട്ടി ഉൾപ്പെടെ ഒരു തരത്തിലുള്ള റെക്കോർഡ് ചെയ്ത മ്യൂസിക്കും അനുവദിക്കുന്നതല്ല.
- മൈക്ക് സിസ്റ്റം സ്വന്തമായി നിയന്ത്രിക്കാവുന്നതാണ്. മത്സരം ആരംഭിച്ചു കഴിഞ്ഞാൽ മൈക്ക് സിസ്റ്റം നിയന്ത്രിക്കുന്നത് അനുവദിക്കുന്നതല്ല.
- പുറത്തുനിന്നുള്ളവർ സ്റ്റേജിൽ കയറി ഇൻസ്ട്രുമെന്റ്സ് സെറ്റ് ചെയ്യാൻ പാടുള്ളതല്ല, അങ്ങനെ കയറുന്ന പക്ഷം ആ ടീമിന് ലഭിക്കുന്ന ആകെ മാർക്കിൽ നിന്ന് 1 മാർക്ക് കുറയ്ക്കുന്നതാണ്.
- പാട്ടുകൾ നോക്കി പാടാൻ പാടുള്ളതല്ല. അങ്ങനെ ചെയ്താൽ ആ ടീമിന് ലഭിക്കുന്ന ആകെ മാർക്കിൽ നിന്ന് 1 മാർക്ക് കുറയ്ക്കുന്നതാണ്.

### ഉപകരണസംഗീതം *(Instrumental Music)*

- സെറ്റിംഗ്സ് ഉൾപ്പെടെ പരമാവധി സമയം 9 മിനിട്ട്. പേര്/ചെസ്റ്റ് നമ്പർ വിളിക്കുമ്പോൾ ടീമിൽ നിന്നുള്ള ആദ്യത്തെ ആൾ സ്റ്റേജിലേക്ക് കയറുമ്പോൾ സമയം കണക്കാക്കി തുടങ്ങുന്നതാണ്. പരമാവധി സമയം (9 മിനിട്ട്) കഴിഞ്ഞാൽ ആ ടീമിനെ അയോഗ്യരാക്കുന്നതാണ്.
- പരമാവധി 8 അംഗങ്ങൾക്ക് പങ്കെടുക്കാം
- വ്യത്യസ്തമായുള്ള 4 സംഗീത ഉപകരണങ്ങൾ എങ്കിലും ഉണ്ടായിരിക്കണം.
- സി. എ. കമ്മിറ്റി ചുവടെ നിർദ്ദേശിച്ചിട്ടുള്ള 2 ഗാനങ്ങളിൽ ഒരെണ്ണം നറുക്കിട്ടെടുത്ത് മത്സരത്തിനു മുമ്പ് നൽകുന്നതാണ്. നറുക്കിലൂടെ ലഭിക്കുന്ന ഗാനം ഉപകരണങ്ങൾ മാത്രം ഉപയോഗിച്ച് വായിക്കേണ്ടതാണ്.
- ഉപകരണങ്ങൾ മാനുവൽ ആയി തന്നെ വായിക്കേണ്ടതാണ്. റെക്കോർഡ് ചെയ്ത മ്യൂസിക് / റിഥം എന്നിവ അനുവദനീയമല്ല.
- ടീമംഗങ്ങളല്ലാത്തവർ സ്റ്റേജിൽ കയറി ഇൻസ്ട്രുമെന്റ്സ് സെറ്റ് ചെയ്യാൻ പാടുള്ളതല്ല, അങ്ങനെ കയറുന്ന പക്ഷം ആ ടീമിന് ലഭിക്കുന്ന ആകെ മാർക്കിൽ നിന്ന് 1 മാർക്ക് കുറയ്ക്കുന്നതാണ്.

**ഗാനങ്ങൾ ♫ ♫**

1. ആബാ ദൈവമേ... അലിയും സ്നേഹമേ
2. ദൈവം തന്നു എല്ലാം... ദൈവത്തെ ആരാധിക്കാം

**YouTube Link for Songs**

## മെഗാ ബൈബിൾ ക്വിസ്സ് 2025



**പഠിക്കേണ്ട പുസ്തകങ്ങൾ :**

- 1 ശമുവേൽ
- യിരമ്യാവ്
- വെളിപ്പാട്

**തീയതിയും സമയവും**

- സഭാതല മത്സരം 2025 സെപ്റ്റംബർ 21 ഞായർ 4 pm മുതൽ 5 pm വരെ
- സെക്ഷൻ തല മത്സരം 2025 ഒക്ടോബർ 19 ഞായർ 4 pm മുതൽ 5 pm വരെ
- മേഖല മത്സരം 2025 നവംബർ 29 ശനിയാഴ്ചയും ഡിസ്ട്രിക്ട് മത്സരം 2025 ഡിസംബർ 27 നും നടക്കുന്നതാണ്.

**മെഗാ ബൈബിൾ ക്വിസ്സിന്റെ മേഖല മത്സരവും, ഡിസ്ട്രിക്ട് മത്സരവും താലന്തു പരിശോധനയ്ക്കൊപ്പമല്ല നടത്തപ്പെടുന്നത്.**




**മെഗാ ബൈബിൾ ക്വിസ്സ് : മറ്റു നിബന്ധനകൾ**

- സബ് ജൂനിയർ, ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ (41 വയസ്സു മുതൽ) എന്നിങ്ങനെ നാലു വിഭാഗങ്ങളിലായാണ് മെഗാ ബൈബിൾ ക്വിസ്സ് മത്സരം നടത്തുന്നത്.
- എല്ലാ വിഭാഗങ്ങൾക്കും ആളൊന്നിന് 200 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്.
- പ്രാദേശിക സഭയിൽ മത്സരിക്കുന്നവർ പേരും രജിസ്ട്രേഷൻ ഫീസും **2025 ആഗസ്റ്റ് 15-നകം** സെക്ഷൻ സി. എ. കമ്മിറ്റി മുഖേന ഡിസ്ട്രിക്ട് സി. എ. കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതാണ്. പിന്നീട് ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.
- പ്രാദേശിക സഭ, സെക്ഷൻ, മേഖല, ഡിസ്ട്രിക്ട് എന്നീ തലങ്ങളിൽ നടത്തപ്പെടുന്ന മത്സരങ്ങളിൽ ഓരോ തലത്തിലും ചോദ്യോത്തര രീതി വിഭിന്നമായിരിക്കും.
- ചോദ്യങ്ങൾ മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങൾ ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ പരിഭാഷ അടിസ്ഥാനമാക്കിയുള്ളതായിരിക്കും

**മെഗാ ബൈബിൾ ക്വിസ്സ് : സമ്മാനങ്ങൾ**

ഡിസ്ട്രിക്ട് തലത്തിൽ ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് **₹20,000**, രണ്ടാം സ്ഥാനക്കാർക്ക് **₹10,000**, മൂന്നാം സ്ഥാനക്കാർക്ക് **₹5,000** എന്നീ നിരക്കിൽ ക്യാഷ് പ്രൈസും ട്രോഫിയും നൽകുന്നതാണ്. ഡിസ്ട്രിക്ട് തലത്തിൽ എത്തുന്ന എല്ലാ മത്സരാർത്ഥികൾക്കും **₹1,000** ക്യാഷ് പ്രൈസ് ഉണ്ടായിരിക്കുന്നതാണ്.

## ഡിസ്ട്രിക്ട് സി. എ. ക്യാമ്പ് 2025

ദൈവഹിതമായാൽ ഈ പ്രാവശ്യത്തെ ഡിസ്ട്രിക്ട് സി. എ. ക്യാമ്പ് **2025 സെപ്റ്റംബർ 2, 3, 4, 5 തീയതികളിൽ കുട്ടിക്കാനം മാർ ബസേലിയോസ് ക്രിസ്ത്യൻ എഞ്ചിനീയറിംഗ് കോളേജിൽ** വച്ച് നടക്കുന്നതാണ്. ക്യാമ്പിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ പിന്നാലെ അതാത് സഭകളിൽ എത്തിക്കുന്നതാണ്. ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## പ്ലക്കാർഡ് ഇവാഞ്ചലിസം

റോഡരികിലും, ജംഗ്ഷനുകളിലും ദൈവവചനങ്ങളെഴുതിയ പ്ലക്കാർഡുകൾ പിടിച്ചു നിന്നു കൊണ്ട് സുവിശേഷം അറിയിക്കുന്ന പ്രവർത്തനമാണ് പ്ലക്കാർഡ് ഇവാഞ്ചലിസം. ഇപ്രകാരം ഏതെങ്കിലും സഭയ്ക്കോ, സെക്ഷനോ നടത്തുവാൻ താല്പര്യമുണ്ടെങ്കിൽ ഡിസ്ട്രിക്ട് സി. എ. ഇവാഞ്ചലിസം കൺവീനർ പാസ്റ്റർ പവീൻ ജോർജ്ജിനെ (ഫോൺ : 6282330186) ബന്ധപ്പെടേണ്ടതാണ്.

## FIND ME കാമ്പയിൻ

മലയാളം ഡിസ്ട്രിക്ടിലെ ലോകമെമ്പാടുമുള്ള യുവജനങ്ങളെ ഒരുമിപ്പിക്കുന്നതിനായി “ഫൈൻഡ് മീ” എന്ന പേരിൽ ഒരു മെമ്പർഷിപ്പ് കാമ്പയിൻ ഡിസ്ട്രിക്ട് സി. എ. യുടെ നേതൃത്വത്തിൽ ആരംഭിക്കുന്നു. ഓരോരുത്തരും ആയിരിക്കുന്ന സ്ഥലങ്ങളിൽ കൂട്ടായി സി. എ. പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കൂടുതൽ വിവരങ്ങൾ നമ്മുടെ വെബ്സൈറ്റിലൂടെ ഉടനെ ലഭ്യമാകുന്നതാണ്.

## എസ്. എസ്. എൽ. സി. / പ്ലസ്. ടു. അവാർഡ്

2025 മാർച്ചിൽ നടന്ന എസ്. എസ്. എൽ. സി. / പ്ലസ്. ടു. / തത്തുല്യ പരീക്ഷകളിൽ ഏറ്റവും ഉയർന്ന മാർക്ക് ലഭിച്ച സി. എ. അംഗങ്ങൾക്ക് ഡിസ്ട്രിക്ട് സി. എ. വാർഷിക സമ്മേളനത്തിൽ വച്ച് ക്യാഷ് അവാർഡ് നൽകുന്നതാണ്. യോഗ്യരായ വിദ്യാർത്ഥികൾ തങ്ങളുടെ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഭാശുശ്രൂഷകന്റെ ശുപാർശയോടൊപ്പം **2025 സെപ്റ്റംബർ 30-നു മുമ്പ്** ലഭിക്കത്തക്കവിധം ഡിസ്ട്രിക്ട് സി. എ. പ്രസിഡന്റിന്റെ പേർക്ക് അയച്ചു തരേണ്ടതാണ്.

വിലാസം : **പാസ്റ്റർ ഷിൻസ് പി. റ്റി., ക്രൈസ്റ്റ്സ് അംബാസഡേഴ്സ്, അസംബ്ലീസ് ഓഫ് ഗോഡ് ഹെഡ് ഓഫീസ്, പോസ്റ്റ് ബോക്സ് നമ്പർ 53, പുനലൂർ, കൊല്ലം 691305 e-mail : shincept@gmail.com**

കഴിഞ്ഞ നാളുകളിൽ സി. എ. പ്രവർത്തനങ്ങളിൽ സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരോടും നന്ദി അറിയിക്കുന്നു. തുടർന്നും ഏവരുടേയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

ഡിസ്ട്രിക്ട് സി. എ. കമ്മിറ്റിയ്ക്കു വേണ്ടി,

**ഏറ്റുമാനൂർ**
**20.07.2025**

**ബ്രദർ ബിനീഷ് ബി. പി.**
(സെക്രട്ടറി)

ASSEMBLIES OF GOD MALAYALAM DISTRICT COUNCIL
CHRIST'S AMBASSADORS

# YOUTH CAMP 2025

Mar Baselios Christian College of Engineering and Technology
KUTTIKANAM, IDUKKI

## SEPTEMBER 2, 3, 4, 5
TUE WED THU FRI

## Camp Specialities

| Powerful Live Worship | Bible Based Relevant Messages |
| Group Bible Study | Counselling Sessions | Tarry meeting |
| Special Programmes | Song Practices | Attractive Camp Site |
| Debate | Games | Good Accommodation | Tasty Food |

Registration Fee
₹950/-

PRE-REGISTRATION ONLY!




**CA official website : https://ca.agmdc.in**
**CA official mail id : agmdcca@gmail.com**
**Official Whatsapp Number for CA enquiries : +91 9074879522**